പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2475

18.02.2016-ൽ മറുപടിക്ക്.

## ടെക് സ്റ്റൈൽഷോപ്പുകൾ, ഹോട്ടലുകൾ എന്നീ തൊഴിൽ മേഖലകളിലെ പരിശോധനകൾ

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | മറുപടി<br>ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| --- | --- |
| (എ) വൻകിട ടെക് സ്റ്റൈൽ ഷോപ്പുകളിലും ഹോട്ടലുകളിലും അന്യസംസ്ഥാനത്തു നിന്നുമുള്ള ജീവനക്കാരെ ജോലിയ്ക്കായി നിയോഗിക്കുമ്പോൾ ഇവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിയ്ക്കുന്നുണ്ടോയെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ ഹോട്ടലുകളിലെയും റസ്റ്റോറന്റുകളിലെയും ജീവനക്കാർക്ക് 23.07.2009 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) 100/2009 പ്രകാരമുള്ള മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം 8 മണിക്കൂർ ജോലിയും അധിക സമയം ജോലിക്ക് അധിക വേതനവുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുന്ന സമയങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നു ണ്ടോയെന്ന് പരിശോധിക്കുകയും മറ്റ് തൊഴിലാളി കൾക്ക് നൽകുന്നതുപോലെ അന്യസംസ്ഥാന തൊഴിലാളികൾക്കും മിനിമം വേതനം നൽകുന്നു ണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യാറു ണ്ട്. കൂടാതെ നിയമലംഘന ങ്ങൾ കണ്ടെത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം ഉൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കാറുണ്ട്. സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനും ആയത് ഓൺലൈനായി പരിശോധിക്കുന്നതിനു മായുള്ള വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിവരികയാണ്. |
| (ബി) ഇത്തരം തൊഴിലിടങ്ങളിൽ ജീവനക്കാർക്ക് യാതൊരു വിധ അടിസ്ഥാന സൗകര്യങ്ങളും പലപ്പോഴും ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ തൊഴിൽ സാഹചര്യം | (ബി) സ്ഥാപനങ്ങളിൽ സ്ക്വാഡ് ഇൻസ്പെ ക്ഷൻ, പീരിയോഡിക്കൽ ഇൻസ്പെ ക്ഷൻ എന്നിവ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. കൂടാതെ ജീവന |

പരിശോധിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ പ്രസ്തുത സ്ഥാപനങ്ങളിൽ ക്രമമായ ഇടവേളകളിൽ നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

ക്കാരിൽനിന്നും ലഭ്യമാകുന്ന പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുകയും തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ/ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഇത്തരം സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർ പ്രത്യേകിച്ച് സ്ത്രീകൾ പലപ്പോഴും തൊഴിൽ ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

(സി) ഉണ്ട്. 1960–ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കുകയും 16.09.2015–ലെ ജിഒ(പി) നമ്പർ.134/2015/എൽബിആർ നമ്പർ ഉത്തരവ് പ്രകാരം തൊഴിലാളികൾക്ക് നിയമന ഉത്തരവ് നൽകണമെന്നും, ആവശ്യമായ വിശ്രമ സ്ഥലം നൽകണമെന്നും, സ്ത്രീകൾക്കും, പുരുഷന്മാർക്കും പ്രത്യേകം ലാട്രിൻ/യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളിലും കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം റൂൾ 6 (B) പ്രകാരം തൊഴിൽ ചൂഷണങ്ങൾക്കെതിരെ ഒരു അഞ്ചംഗ Complaint Committee രൂപീകരിക്കുകയും ആയത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും ചെയ്യുന്നതാണ്. അപകടം പിടിച്ച മേഖലയിൽ ഉള്ള തൊഴിലാളികൾക്ക് സംരക്ഷണ സാമഗ്രികൾ നൽകണമെന്നും, പ്രഥമ ശുശ്രൂഷാ സംവിധാനം ഒരുക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

കൂടാതെ 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും സ്ത്രീ/ പുരുഷ തൊഴിലാളികൾക്ക് സൗജന്യമായി താമസ സൗകര്യം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നു ണ്ടോ എന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ